"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 927-ന്റെ എൻ.സി.ഡി.സി വായ്പയിന്മേലുള്ള പലിശ ഒഴിവാക്കി നൽകി ഉത്തരവാകുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.119/2025/Co-Op തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. Agriculture IFA Department- ന്റെ 25/03/1996 തീയതിയിലെ G.O (Rt) No.495/96/AD
2. കണ്ണൂർ ജോയിന്റ് രജിസ്ട്രാറുടെ 28/11/2013-ലെ 6479/2012/AEL( 1) നമ്പർ ഉത്തരവ്
3. സഹകരണ സംഘം രജിസ്ട്രാറുടെ 09/12/2024-ലെ RCS/10789/2024-AEL(1) നമ്പർ കത്ത്
4. സഹകരണ സംഘം രജിസ്ട്രാറുടെ 29/12/2024-ലെ RCS/10789/2024-AEL(1) നമ്പർ കത്ത്

**ഉത്തരവ്**

തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 927 ന് പരാമർശം (1) ഉത്തരവ് പ്രകാരം 49,40,000 (നാല്പത്തൊമ്പതു ലക്ഷത്തി നാല്പതിനായിരം) രൂപ എൻ.സി.ഡി.സി വായ്പയായി നൽ കിയിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലായതും, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സംഘത്തിന്റെ അയ്യംകുന്ന് അംശം ദേശത്തെ 2 ഏക്കർ സ്ഥലവും, കെട്ടിടവും വിൽക്കുന്നതിനായി ലിക്വിഡേറ്റർക്കു ആധാരം ലഭിക്കാതെ വന്ന സാഹചര്യത്തിൽ വസ്തുവിന്റെ ആധാരം പകർത്തിയെടുത്ത് ലേല നടപടികൾ ചെയ്യുന്നതിന് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയതിനെ തുടർന്നുള്ള പൊതുലേലത്തിൽ 65,00,000/- (അറുപത്തിയഞ്ച് ലക്ഷം) രൂപയ്ക്ക് ബെന്നി.പി.ജെ, സജി വർക്കി എന്നിവർക്ക് കൂട്ടായി വിൽപ്പന നടത്തിയിരുന്നെങ്കിലും പിന്നീട് രജിസ്ട്രേഷൻ നടത്തുന്നതിനായി കുടിക്കട സർട്ടിഫിക്കറ്റ് ലഭ്യമായപ്പോൾ എൻ.സി.ഡി.സി

വായ്പാബാദ്ധ്യത ഉള്ളതിനാൽ നടപടി പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സംഘത്തിന്റെ ആസ്തി വില്പന നടത്തിയിട്ടുള്ളത് **65,00,000/-** (അറുപത്തിയഞ്ച് ലക്ഷം) രൂപയ്ക്കു മാത്രമാണ്. അതിൽ നിന്നും എൻ.സി.ഡി.സി വായ്പ മുതൽ സംഖ്യ **22,45,460/-** (ഇരുപത്തി രണ്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി നാനൂറ്റി അറുപത്) രൂപയും, ഗവൺമെന്റ് ഷെയർ **1,21,500/-** (ഒരു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്) രൂപയും, എൻ.സി.ഡി.സി ഷെയർ **12,99,400/-**( പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി നാനൂറ്) രൂപയും അടക്കം **36,66,360/-**(മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി ആറായിരത്തി മുന്നൂറ്റി അറുപത്) രൂപ ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്നും തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി **927**-ന്റെ ആസ്തി വിറ്റുകിട്ടുന്ന തുകയിൽ നിന്നും എൻ.സി.ഡി.സി. വായ്പയിലെ പലിശ തുക അടക്കുന്നതിനു കഴിയുകയില്ലായെന്നും **CoC 2291/2022** കോടതി വ്യവഹാരത്തിന്റെ വിധിന്യായം പ്രകാരം എല്ലാ കക്ഷികളെയും തുല്യമായി പരിഗണിച്ചു മാത്രമേ ലിക്വിഡേറ്റർ പിരിഞ്ഞു കിട്ടിയ തുക വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇതുവരെ പിരിഞ്ഞു കിട്ടിയ തുക ലിക്വിഡേറ്റർ എല്ലാ കക്ഷികൾക്കും തുല്യമായിട്ടാണ് വിതരണം ചെയ്തിട്ടുള്ളതെന്നും പരാമർശം **(4)** കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**3.** തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി **927-** ന് എൻ.സി.ഡി.സി. വായ്പയായി നൽകിയിരുന്ന **49,40,000** (നാല്പത്തൊമ്പതു ലക്ഷത്തി നാല്പതിനായിരം) രൂപയിൽ **49,40,000/-**(നാല്പത്തൊമ്പതു ലക്ഷത്തി നാല്പതിനായിരം) രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും പ്രസ്തുത സംഘം സർക്കാരിലേക്കടക്കേണ്ടതായ എൻ.സി.ഡി.സി. വായ്പയുടെ ബാക്കി നിൽപ്പുള്ള പലിശ തുക **98,79,176/-** (തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി നൂറ്റി എഴുപത്തിയാറ്) രൂപ ഒഴിവാക്കി നൽകുന്നത് പരിഗണിക്കണമെന്ന് സൂചന **(3)** കത്ത് പ്രകാരം

സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 927-ന്റെ ലിക്വിഡേഷൻ പൂർത്തീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിനായി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള അയ്യംകുന്ന് അംശം ദേശത്തെ 2 ഏക്കർ സ്ഥലത്തിന്റെ ആധാരം തിരികെ നൽകുന്നതിനായി മറ്റു ധനസ്രോതസ്സുകളൊന്നുമില്ലായെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ എൻ.സി.ഡി.സി. വായ്പയിന്മേലുള്ള പലിശ തുകയായ 98,79,176/-(തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി നൂറ്റി എഴുപത്തിയാറ്) രൂപ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**AJI PHILIP**
അഡിഷണൽ സെക്രട്ടറി

**To**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്, കേരളം, തിരുവനന്തപുരം.

4. വെബ് & ന്യൂ മീഡിയ,

5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 05-03-2025 10:50:30

പകർപ്പ്:-

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3.സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്